കാലം ഇവിടെ ഈ തരത്തിലൊക്കെ സംഭവിക്കു എന്നുള്ള വിധത്തിലാണ് സർ, ജനങ്ങളിരിക്കുന്നത്. എന്തെങ്കിലും ഒരു യജ്ഞം നടത്തി, പാഞ്ചാം യജ്ഞത്തിനു പകരം വല്ല മാളയജ്ഞമോ മറ്റോ നടത്തി ഈ രക്തരക്ഷസിനെ വല്ലയിടത്തുമൊന്നു പിടിച്ചു തളച്ചിട്ടെങ്കിൽ മാത്രമേ രക്ഷയുള്ളു എന്നുള്ള വിധത്തിലാണു സർ, ഈ രാജ്യത്തെ ജനങ്ങളാകമാനം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ ഇരട്ടക്കൊലപാതകത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ ഈ രണ്ടു സ്ത്രീകളും അവരുടെ ഒരു മകനും ഒരു ശമ്പളക്കാരനുമായിരുന്നു. 26-ാം തീയതി ആ വീട്ടിലുണ്ടായിരുന്നത്. 25-ാം തീയതി അവരുടെ ഭർത്താവും മറ്റുള്ളവരുമൊക്കെ മറ്റൊരു വീട്ടിൽ പോയിരിക്കുകയായിരുന്നു. ഈ സംഭവത്തെ സംബന്ധിച്ച് വയനാട് ഡി. എസ്. പി. യുടെ നേതൃത്വത്തിൽതന്നെ വിശദമായ അന്വേഷണം നടത്തി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പക്ഷേ ആവശ്യമായ തെളിവ് ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

(20) ഏറ്റുമാനൂർ താലൂക്ക് രൂപീകരണം

ശ്രീ. ഇ. ജെ. ലൂക്കോസ് : സർ, രാജഭരണകാലത്ത് നിലവിലിരുന്നതു 45 വർഷങ്ങൾക്കുമുമ്പ് നിർത്തലാക്കിയതുമായ ഏറ്റുമാനൂർ താലൂക്ക് പുനരാരംഭിക്കണമെന്നുള്ള കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. അത് ഒരു താലൂക്ക് കേന്ദ്രമാകാത്തതിന്റെ ഫലമായി അവിടെ വികസനപരമായ പല കാര്യങ്ങളും ലഭിക്കാതെ പോകുന്നുവെന്നുള്ളത് കഷ്ടമാണ്. ഇന്ന് ആ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എട്ടു താലൂക്കുകളും അതുപോലെതന്നെ സമീപപ്രദേശങ്ങളിലുള്ള മീനച്ചൽ താലൂക്കിൽപ്പെടുന്ന കിടങ്ങൂർ, കാണക്കാരി, ഒളശ്ശാട്, വൈക്കം താലൂക്കിൽപ്പെടുന്ന മാഞ്ഞൂർ, കോനെല്ലൂർ, കല്ലറ, കോട്ടയം താലൂക്കിൽപ്പെടുന്ന അയർക്കുന്നം തുടങ്ങിയിട്ടുള്ള വില്ലേജുകൾക്കെല്ലാം ഇത് സൗകര്യപ്രദമാണ്. ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം ബഹുമാന്യനായ റവന്യൂവകുപ്പുമന്ത്രിയുടെയടുത്ത് നേരിട്ടും അതുപോലെ സബ്മിഷൻ മുഖേനയും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഏറ്റുമാനൂർ താലൂക്ക് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട ഇ. ജെ. ലൂക്കോസ് അവിടെനിന്നു തെരഞ്ഞെടുക്കപ്പെട്ട അന്നുമുതൽ ഈ ആവശ്യം നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ്. താലൂക്കുകൾ മൊത്തം പുന : സംഘടിപ്പിക്കുന്നസമയത്ത് ഇതും പരിഗണിക്കുന്നതാണ്.

(21) തുറവൂർ പഞ്ചായത്തിൽ വളമംഗലം പ്രദേശത്ത് പോലീസ് നടത്തിയ അതിക്രമം

ശ്രീമതി കെ. ആർ. ഗൗരി : സർ, അൽപ്പം കൂടുതൽ പറയാനുള്ളതുകൊണ്ടാണ് ഞാൻ അടിയന്തിരപ്രമേയവുമായിട്ടു വന്നത്. കഴിഞ്ഞ ഞായറാഴ്ച വെളുപ്പിന് എന്റെ നിയോജകമണ്ഡലമായ തുറവൂർ, പഞ്ചായത്തിൽ വളമംഗലം പ്രദേശത്ത് വെടികെട്ടുകാർ പ്രത്യേകം താമസിക്കുന്ന ഒരു ഏരിയാ ഉണ്ട്. ആ ഏരിയായിൽ ഒരു വീട്ടിലുണ്ടാക്കി വച്ചിരുന്ന അമിട്ട് പൊട്ടി, ആ

LIBRARY ARCHIVES Kerala Legislative Assembly

വീട് തകർന്ന് ആ വീട്ടിലുള്ള ഒരു പെൺകുട്ടിയുടെ ദേഹത്തും മറ്റും പരിക്കുകളുണ്ടായതിനെത്തുടർന്ന് ആശുപത്രിയിലാക്കി. ഇതിനോടനുബന്ധിച്ച് ആ വീടിന് പോലീസ് കാവൽ ഇട്ടു. കാവലിനുവന്ന ആൻറണി എന്ന പോലീസുകാരനും 2149-ാം നമ്പറാണ് അയാളുടേത്. (കുമാരൻ) കറുംപൻ എന്നു വിളിക്കുന്ന ജോസ്, പത്മനാഭന്റെ ഇവരെല്ലാംകൂടി ഒരു കോളനിയിൽ താമസിക്കുന്നവരാണ്. ഇവർ നാലുപേരുംകൂടി അൽപ്പം മദ്യപിച്ചു കഴിഞ്ഞപ്പോൾ പോലീസുകാരൻ യൂണിഫോം ഊരിയിട്ട് അടുത്ത വീട്ടിൽ നിന്നും ഒരു കൈയിലി വാങ്ങിച്ചുടുത്തു, എന്നിട്ട് പുരുഷൻമാരില്ലാത്ത വീടുകൾ അന്വേഷിച്ച് വീട്ടിൽ കയറാൻ നോക്കി. അവർ പുരുഷൻമാരില്ലാത്ത വീടാണെന്ന് വിചാരിച്ചുകൊണ്ട് ആദ്യം ചെന്നത് പുറത്തുവേലി ഓമനയുടെ വീട്ടിലാണ്. ആ സമയം ഓമനയുടെ ഭർത്താവ് കരുണൻ പിള്ള അവിടെയുണ്ടായിരുന്നു, കതകിൽ കുറേതട്ടി വിളിച്ചപ്പോൾ അവർ എണീറ്റു. എന്നിട്ട് ഭർത്താവ് ചെന്ന് ചോദിച്ചു എന്തുവേണമെന്ന്. ഉടൻതന്നെ അയാളുടെ കൈയിൽ പിടിച്ച് വലിച്ചുകൊണ്ട് താൻ വാടോ എന്നു പറഞ്ഞുകൊണ്ട് വടക്കോട്ട് കൊണ്ടുപോയി. ഈ ഓമന ആ സമയത്ത് ഭർത്താവ് പോകണ്ട, പോകണ്ട എന്ന് പറഞ്ഞ് ബഹളംവച്ചു, എന്നിട്ടും വലിച്ചു കൊണ്ടുപോകുന്നത് കണ്ടപ്പോൾ ഉച്ചത്തിൽ കരഞ്ഞു. അടുത്ത വീട്ടുകാർ ഓടിക്കൂടി ഒടുവിൽ അവരിലുള്ള മൂന്നു നാല് പുരുഷൻമാരും കൂടെ ചെന്ന് ഇയാളെ എന്തിന് കൊണ്ടുപോകുന്നുവെന്ന് ചോദിച്ചപ്പോൾ ഫോൺ വിളിക്കാനാണെന്ന് പറഞ്ഞു. അവർ പറഞ്ഞു, ഞങ്ങളും കൂടെ വരാം നിങ്ങൾക്ക് ഫോൺ വിളിക്കണമെങ്കിൽ. അപ്പോൾ അയാൾക്ക് ഫോൺ വിളിക്കണ്ട ഒടുവിൽ അയാളേയും കൂട്ടി ഈ വീട്ടിൻറെ മുൻപിൽ വന്നു. ഇതിനെപ്പറ്റി സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ ഉടനെ ഇയാളും കറുമ്പൻ, പത്മനാഭൻ, ജോസ് ഇത്രയും പേരുണ്ട്. ആ പോലീസുകാർ എടുത്തു ചാടിയോടി. ഓടികഴിഞ്ഞതിനുശേഷം അവിടെ ചുറ്റിനുമുള്ള പ്രദേശത്ത് ഇവർ ഒന്ന് പരിശോധിച്ചുനോക്കി. അവിടെയെങ്ങും ആളില്ല. അയാൾ നേരെ പോയത് ചന്ദ്രമതിയമ്മ, പുറത്തു വേലിച്ചിട എന്ന സ്ത്രീയുടെ വീട്ടിലേക്കാണ്. അവരുടേത് ഒരു ചെറിയ വീടാണ്. ആ വീടിൻറെ കതക് തള്ളിത്തുറന്നു. ആ സ്ത്രീ അവിടെനിന്നും ഓടി, കരഞ്ഞുകൊണ്ടാണ് ഓടിയത്. അവർ ഓടിക്കഴിഞ്ഞപ്പോൾ മൂന്നാമതൊരു വീട്ടിലേക്ക് ചെന്നു. ചന്ദ്രമതി കൊട്ടാരത്തിൽ എന്ന സ്ത്രീയുടെ വീട്ടിലേക്കായിരുന്നു. ആ വീട്ടിൻറെ വാതിലിൽ ചെന്ന് തട്ടി. പക്ഷേ അത് ബലമുള്ള വീടായതുകൊണ്ട് അതിൻറെ വാതിൽ തുറന്നില്ല. അതു കഴിഞ്ഞതിനുശേഷം കോമളവല്ലിയമ്മയുടെ വീട്ടിലും ചെന്ന് തട്ടിനോക്കി. അതും തുറന്നില്ല. ഒടുവിൽ പ്രസന്ന മാത്രം താമസിക്കുന്ന വീട്ടിൽ പോയി, ഒരുവശത്തുകൂടി ചെന്നിട്ട് ആൻറണി സാറാണ് വിളിക്കുന്നത്, ആൻറണി സാറാണ് വിളിക്കുന്നത് കതക് തുറക്കു എന്ന് തട്ടി വിളിച്ചുനോക്കി. അത് കഴിഞ്ഞതിനുശേഷം ജന്നലിൽ തട്ടിനോക്കി, അവർ കതക് തുറക്കാതെ വന്നപ്പോൾ അയാളും കൂട്ടുകാരും ചേർന്ന് കിഴക്കേപ്പുറത്തെ കതക് ചവുട്ടിത്തുറന്നു. ആ വീട്ടിലെ സ്ത്രീകൾ കൂട്ടനിലവിളിയായി, അങ്ങനെ നാട്ടുകാർ മുഴുവൻ കൂട്ടനിലവിളി കേട്ട് ഓടിക്കൂടി അവർ ചേർന്ന് ഈ പോലീസുകാരനേയും കൂട്ടരേയും തടഞ്ഞുവച്ചു. അതു കഴിഞ്ഞ് അവർ പോയി പോലീസിന് ഫോൺ ചെയ്തു. ഫോൺ ചെയ്തു കഴിഞ്ഞപ്പോൾ സർക്കിൾ ഇൻസ്പെക്ടർ വന്ന് ഇയാളേയും കറുമ്പനേയും വിളിച്ചു. പക്ഷെ പോലീസുകാരനെ മാത്രം പിടിച്ചുകൊണ്ടുപോയി. കറുമ്പനെ പിടിച്ചില്ല. എന്നാൽ കൊണ്ടുപോകുന്നതിനു മുൻപ് ആ പോലീസുകാരൻ, സർക്കിൾ ഇൻസ്പെക്ടറുടെ മുൻപിൽ വച്ച് പറഞ്ഞു, നിങ്ങളും എന്നെ ഇതു പോലെ ചെയ്താൽ ഓർത്തുകൊള്ളണം. തങ്കമണി ഇവിടെയും ആവർത്തിക്കുമെന്ന്. തങ്കമണി ആവർത്തിക്കുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ കൂട്ടമായി പോലീസുകാർ ചെന്ന് ആ നാടുമുഴുവൻ ആക്രമിക്കുമെന്നാണ്. സർ, ഇക്കാര്യത്തെക്കുറിച്ച് പത്രത്തിൽ റിപ്പോർട്ട് വന്നു. ഞാനൊരു സബ്മിഷൻ കൊടുത്തു. മുഖ്യമന്ത്രി അന്വേഷിച്ച വിവരം പറയുമെന്നു പറഞ്ഞു. എന്താണ് വിവരമെന്നു നേരിട്ട് അറിയാൻ ഞാൻ വളമംഗലത്തു പോയി. കൂടുതൽ വിവരമറിയുന്നതിനുവേണ്ടിയാണ് ഞാൻ അവിടെ പോയത്. അക്കാര്യം ഞാനിവിടെ അസംബ്ലി സെക്രട്ടേറിയറിനെ അറിയിച്ചിട്ടുണ്ട്. പി. എ. സി. യുടെ മീറ്റിംഗ് കഴിഞ്ഞ് ഞാൻ അവിടെ ചെന്നപ്പോഴേ രാത്രി പത്തുമണിയോളമായി. എട്ടുമണിയ്ക്കേ ആ നാട്ടിലുള്ള മുഴുവൻ ആളുകളും വീടിനുള്ളിൽ കയറി കതകടച്ചു. അവിടെയുള്ള ഞാനറിയുന്ന ഒരു റേഷൻ കടയുടെ വാതിൽക്കൽ ഞാനും മറ്റു രണ്ടുപേരും ചെന്ന് നിന്ന് വിളിച്ചുനോക്കി. ഞാൻ വിളിച്ചിട്ട് റേഷൻ കടക്കാരൻ അനങ്ങിയില്ല, ഗവൺമെന്റാണ് വിളിക്കുന്നതെന്ന് പറഞ്ഞിട്ടും അനങ്ങിയില്ല. അടുത്ത വീട്ടിലേയ്ക്കുപോയി അവരും അനങ്ങിയില്ല. അപ്പോഴേ അതിനടുത്തുള്ള വീട്ടിലെ രവീന്ദ്രൻ പിള്ള ഇറങ്ങിവന്നു. എന്നിട്ട് ഓമന വീട് മാറിക്കിടക്കുന്ന ആ വീട്ടിലേക്ക് എന്നെ കൊണ്ടുപോയി. ഞങ്ങളവിടെചെന്ന് നിന്ന് വിളിച്ചപ്പോഴേ അവിടെ ഉണ്ടായ സംഭവിവിശേഷം ഞാൻ പറയുകയാണ്, കാർ, ചെന്ന്നിന്നു കഴിഞ്ഞപ്പോഴേ അവിടെയുള്ള പെണ്ണുങ്ങളെല്ലാവരുംകൂടി വളരെ ഉച്ചത്തിൽ അയ്യോ എന്നുവിളിച്ചു. ഉറച്ചുകരയാൻ തുടങ്ങി. അതു കഴിഞ്ഞ് പുരുഷൻമാരും ഉച്ചത്തിലെ കരച്ചിലിൽക്കൂട്ടി. ഞങ്ങളെപ്പോവരും പറഞ്ഞു ഞാനാണ്, ഞാനാണ് എന്നിട്ടും അവർ കേട്ടില്ല. അവർ ഉച്ചത്തിൽ നിലവിളിക്കുകയാണ്. ഒരു പത്തു മിനിട്ട് നേരത്തേയ്ക്ക് അവിടെയുള്ള എല്ലാ വീടുകളിലും കൂട്ട നിലവിളി നടന്നു. അയ്യോ അയ്യോ എന്ന് ഉച്ചത്തിൽ കരച്ചിലായി. ഒടുവിൽ ഒരുവിധം ജനലിൽ തപ്പിപ്പിടിച്ച് കയറിയ പുരുഷൻമാർ ഞാനാണെന്ന് കണ്ടതിനു ശേഷമാണ് ആ കതക് തുറക്കാനിടയായത്. ആ നാട്ടുകാർ മുഴുവനും ഭയവിഹ്വലരായി കഴിയുകയാണ്, സ്ത്രീകളുടെ മൊഴി എടുത്തിട്ടുള്ളതാണ്. അന്ന് പോലീസുകാർ ഈ കുമ്പനെ പിടിച്ചുകൊണ്ടുപോയി. എന്നിട്ട് ഉച്ചയ്ക്കപ്പോഴേ തിരിയെ വിട്ടു. അതിനുശേഷം ഈ കുമ്പനും അയാളുടെ കൂട്ടുകാരായ ജോസും പത്മനാഭനും മറ്റും ചേർന്ന് അവിടെ സൈര്യവിഹാരമായി നടന്നുകൊണ്ട് രാത്രിയിൽ കാണിച്ചുതരാമെന്ന് പറഞ്ഞുകൊണ്ടുള്ള നടത്തം തുടർന്നിരുന്നു. നമ്മുടെ നാട്ടിൽ പോലീസുകാരനെ കയറൂരി വിട്ടാൽ പുരുഷൻമാരുടെ നേരെ മാത്രമാണെങ്കിൽ ഇത്ര വിഷമമില്ല. ഇന്നാട്ടിൽ സ്ത്രീകൾക്ക് മാനവും മര്യാദയുമായി വീട്ടിൽ കിടന്നുറങ്ങാൻ സാധിക്കാത്ത ഇതുപോലുള്ള ഒരു സ്ഥിതിവിശേഷം വന്നുകഴിഞ്ഞാൽ.....ഞാനതിനെക്കുറിച്ച് പറയുന്നതിനു ഒരു അടിയന്തിര പ്രമേയം ഇവിടെ മൂവ് ചെയ്തു. അത് മുഖ്യമന്ത്രിയെ കുറ്റംപറയാനല്ല: സർക്കിൾ ഇൻസ്പെക്ടറെ കണ്ടു ഞാൻ പറഞ്ഞു. ആളുകൾ ഭയവിഹ്വലരായി കഴിയുകയാണ് എന്ന്, റൗഡികളുടേയും തെമ്മാടികളുടേയും പോലീസുകാരന്റേയും നടപടികൾ കൊണ്ട് അവർ ഭയവിഹ്വലരായി കഴിയുകയാണ്. കൂട്ടമായിട്ട് അയ്യോ ; എന്ന് നാട്ടുകാർ മുഴുവൻ വിളിക്കത്തക്ക രീതിയിൽ ആ നാട്ടിലുണ്ടായ സംഭീതിക്ക് കാരണമെന്താണെന്നുള്ളതിനെ സംബന്ധിച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടാനുണ്ടായ കാരണമതാണ്. അവിടെ ഇന്ന് ഉണ്ടായികൊണ്ടിരിക്കുന്ന നടപടികൾ കുറെക്കാലമായി അവിടെ ആളുകളെ തല്ലിക്കൊന്ന് കെട്ടിത്തൂക്കിയിടുക. അതുപോലെ സ്ത്രീകൾ മാത്രമുള്ള വീടുകളിൽ കയറുക, അവരെ അപമാനിക്കുക, കേസ് ഉണ്ടാകാതെ വരുക, ഇതൊക്കെ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളാണ്. ആ വിധത്തിലുള്ള നടപടികളാണ് വരുന്നത്. ഇതുപോലുള്ള നടപടികൾ വന്നാൽ ? ഇതിനെതിരായി സ്ത്രീകൾക്ക് സ്വതന്ത്രമായി നടക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

വിധത്തിൽ വേണ്ട പരിശോധന കിട്ടണം. അതുകൊണ്ട് അതിനുള്ള നടപടികൾ എടുക്കണമെന്നാണ് ഞാനാവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെ സൂചിപ്പിച്ച ആ സംഭവം മധുരമംഗലം പഞ്ചായത്തിലാണ് നടന്നത്. ഈയിടെ അവിടെ ഒരു തീപിടിത്തമുണ്ടായി. ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം ആ പ്രദേശത്ത് ലൈസൻസില്ലാതെ പടക്കമുണ്ടാക്കുന്ന ചെറിയൊരു കേന്ദ്രമാണ്. ഈ വീട് കത്തിയ ആ വീട്ടിലെ ഉടമസ്ഥനും പടക്കമുണ്ടാക്കുന്നതിനുള്ള ലൈസൻസ് ഉണ്ടായിരുന്നില്ല. ഇതിനെക്കുറിച്ച് ഈ സംഭവമുണ്ടായപ്പോൾ തന്നെ സ്വാഭാവികമായും അന്വേഷിക്കാൻ പോലീസിനെ നിയോഗിച്ചു. ആ പ്രദേശം പൊതുവേ ഒരു പോലീസ് വിരുദ്ധ നിലപാടുള്ള പ്രദേശമാണ്. അതിന്റെ കാരണമെന്താണെന്ന് ഞാൻ പറയേണ്ടതില്ല. പടക്കമുണ്ടാക്കുന്ന കേന്ദ്രമായതുകൊണ്ട് അവർ ഭയന്നിട്ടുണ്ടാകും. ഞാൻ അതല്ലാതെ വേറെ ഓർത്ഥത്തിലും പറയുന്നതല്ല. ഈ വിവരം സംബന്ധിച്ച് ഗൗരിയമ്മ ഇവിടെ ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് തന്ന ഉടൻതന്നെ ഞാൻ എസ്. പി. യെ. വിളിച്ചിട്ട് ഡി. ഐ. ജി. എസ്. പി. യെ അയച്ച് പേഴ്സണലായിട്ട് എൻക്വയറി നടത്താൻ പറഞ്ഞു. മാറ് ആളുകളെയൊക്കെ അയച്ചിട്ട് വെറുതേ ഒരു എൻക്വയറി നടത്താതെ നോട്ടീസ് പോയി പേഴ്സണലായിട്ട് ഒരു എൻക്വയറി നടത്തി ; ഈ പറഞ്ഞ സ്ത്രീകളെയൊക്കെ വിളിച്ച് ചോദിച്ച് അവരിൽ നിന്ന് മൊഴി വാങ്ങിച്ചിട്ടുണ്ട്. അവിടെ നിന്ന പോലീസുകാരൻ അവരെ അപമാനിക്കുകയും ഡ്യൂട്ടി സമയത്ത് യൂണിഫോമില്ലാതെ ഈ പോലീസുകാരൻ ഡ്യൂട്ടിസ്ഥലം വിട്ടു മാറി ചിലരുമായി പോയിട്ടുണ്ടെന്ന് അന്വേഷണത്തിൽ തെളിയുകയും ചെയ്തതിന്റെ ഫലമായി അവിടെവച്ച് സസ്പെൻഡു ചെയ്തിരിക്കുകയാണ്.

ശ്രീ. ബേബിജോൺ : സർ, ഞാൻ കോടതിയിലിരിക്കുന്ന കേസ്സിനെ സംബന്ധിച്ച് ഒന്നും പറയുകയില്ല, എന്നുമാത്രമല്ല, അങ്ങേക്കറിയാം റൂൾസ് അനുസരിച്ച് ഇങ്ങനെയൊരു ചർച്ച നടന്നാൽ, അത് കോടതിയെ സ്വാധീനിക്കുമോ എന്നുള്ള ഒരു സാഹചര്യം വരുമ്പോൾ മാത്രമേ തടസ്സമാവുകയുള്ളൂ. അതുകൊണ്ട് കോടതിയിൽ നിലവിലിരിക്കുന്ന കേസ്സിനെ സംബന്ധിച്ചല്ല ഞാൻ പറയാനാഗ്രഹിക്കുന്നത്.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ കോടതി വിധിയെക്കുറിച്ച് ഒന്നും പരാമർശിക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇന്ന് കിട്ടിയതായതുകൊണ്ട് വിവരമൊന്നും ശേഖരിച്ചിട്ടുമില്ല.

ശ്രീ. ബേബിജോൺ : സർ, അതുകൊണ്ട് എനിക്ക് പറയാനുള്ളത്.....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, I raise a point of order. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടത് തന്നെ ഹൈക്കോടതി വിധിയുടെ പരാമർശത്തെ മുൻനിർത്തിയാണ്. വിധി കഴിഞ്ഞിട്ടില്ല. റൂൾസ് ഓഫ് പ്രൊസീഡിയറിൽ പറയുന്നതുതന്നെ കോടതിയിലിരിക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ചും പറയാൻ പാടില്ല എന്നാണ്. "the motion shall not deal with a matter which is under adjudication by a court of law having jurisdiction in any part of India"

സർ, ഇതിൽ ഹൈക്കോടതിയുടെ തീരുമാനമായിട്ടില്ല. ഹൈക്കോടതി ഇന്ന് ഗവൺമെന്റിന്റെ വാദം കേൾക്കാൻ നിർത്തിയിട്ടേയുള്ളൂ. അങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനത്തെക്കുറിച്ച് ഒരു ശ്രദ്ധക്ഷണിക്കലോ അടിയന്തര പ്രമേയമോ അനുവദിക്കുന്നത് ഓർഡറിലല്ല.

ശ്രീ. ബേബിജോൺ : സർ, അങ്ങയുടെ റൂളിംഗിന് മുൻപ് എനിക്ക് ഒരു കാര്യം പറയാനുണ്ട്.

ശ്രീ. കെ. കരുണാകരൻ : സർ, ഇതു ഹൈക്കോടതിയിൽ തീരുമാനമായിട്ടില്ല. ഹൈക്കോടതി ഇന്ന് ഗവൺമെന്റിന്റെ ഭാഗം വാദം കേൾക്കാൻ നിറുത്തിയിരിക്കുകയാണ്. അങ്ങനെയുള്ള ഒരു പ്രശ്നത്തെക്കുറിച്ച് ഒരു ശ്രദ്ധക്ഷണിക്കലോ, അടിയന്തിര പ്രമേയമോ അനുവദിക്കുന്നത് ഓർഡറിൽ അല്ല. ഇതു സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം അറിയണം.

ശ്രീ. ബേബി ജോൺ : സർ, ഈ സഭയിലുണ്ടായ ഒരു കാര്യത്തെ സംബന്ധിച്ച പരാമർശമാണ് ഞാൻ പറയുന്നത്. റൂൾ 120-ൽ തന്നെ പറയുന്നുണ്ട് No resolution which seeks to raise discussion on a matter pending before any statutory tribunal or statutory authority performing any judicial or quasi-judicial functions or any commission or court of enquiry appointed to enquire into or investigate any matter shall ordinarily be permitted to be moved :

Provided that the speaker may, in his discretion, allow such matter being raised in the Assembly as is concerned with the procedure or subject or stage of enquiry, if the Speaker is satisfied that it is not likely to prejudice the consideration of such matter by the statutory tribunal, statutory authority, commission or court of enquiry." അവിടെയാണ് പോയിന്റ്. ഇതു ഞാൻ കോടതിയെ സ്വാധീനിക്കാൻവേണ്ടി പറയുന്നതല്ല. കോടതിയിലിരിക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ചല്ല പറയുന്നത്. ഇവിടെ ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. ആലുവായിലെ അന്ധവിദ്യാർത്ഥികളെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തു. ... ബഹളം.....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, സ്പീക്കറുടെ ശ്രദ്ധയിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ബേബിജോണും ഒരു വിഷയം അവതരിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതിനെക്കുറിച്ചാണ് ശ്രീ. ബേബിജോൺ പറഞ്ഞത്. സർ, അങ്ങയുടെ ഡിസ്ക്രിഷനാണ് ഫൈനൽ. അങ്ങേയ്ക്ക് അതിനെക്കുറിച്ച് റൂളിംഗ് കൊടുക്കാം. ഒരു റൂം ഉണ്ടായിച്ചിട്ട് ബന്ധപ്പെട്ട വിഷയത്തിലേക്കു കടക്കുന്നതു ശരിയല്ല.

ശ്രീ. ബേബിജോൺ : സർ, ഞാൻ ഒന്നും പറയുന്നില്ല. ചില്ലർക്കു ഇതു ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. ഞാൻ പറഞ്ഞത്, എന്റെ പരാമർശം കോടതിയെ യാതൊരു വിധത്തിലും സ്വാധീനിക്കാനല്ല, മറിച്ച് ഞാൻ ഈ പോയിന്റ് ഇവിടെ ഉന്നയിക്കുന്നതാണ്.....

ഡെപ്യൂട്ടി സ്പീക്കർ : ഞാൻ ഇതു കേട്ടിട്ടു റൂളിംഗ് പറയാം.

ശ്രീ. ബേബി ജോൺ : സർ, ഇവിടെ നടന്ന ഒരുകാര്യത്തെ സംബന്ധിച്ച് ഈ സഭയിൽ ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ച അവസരത്തിൽ.....

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രൊവിസോ ഇതിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ : ഞാൻ റൂളിംഗ് പറയാം. മാറ്റർ പറയാൻ അനുവദിക്കുകയില്ല. റൂളിംഗിനെക്കുറിച്ച് അദ്ദേഹത്തിന് പറയാനുള്ളതു പറയട്ടെ.

ശ്രീ. എം. എം. ഹസ്സൻ : സർ, റൂളിൽ പറയുന്നതാണെന്നു പറഞ്ഞ് മാറ്ററിലേക്ക് കടക്കുന്നതു ശരിയല്ല.

ശ്രീ. ബേബിജോൺ : അങ്ങ് വായിച്ചതു ഞാൻ മനസ്സിലാക്കിയിട്ടുണ്ടോളം 120 ആണ്,

No resolution which seeks to raise discussion on a matter pending before any statutory tribunel .....

അങ്ങ് പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്,

Chief Minister (Shri K. Karunakaran) : 52. (vii) the motion shall not deal with a matter which is under adjudication by a court of law having jurisdiction in any part of India ;

There is no provision in this section.

ശ്രീ. ബേബിജോൺ : സർ, അതിനെക്കുറിച്ചുതന്നെ 120-ൽ എന്താണ് പറയുന്നത്.

"No resolution which seeks to raise discussion on a matter pending before any statutory tribunal or statutory authority performing any judicial or quasi-judicial functions or any commission or court of enquiry appointed to enquire into or investigate any matter shall ordinarily be permitted to be moved :

Provided that the Speaker may, in his discretion, allow such matter being raised in the Assembly as is concerned with the procedure or subject or stage of enquiry.....

സ്പീക്കറുടെ ഡിസ്ക്രിഷനിൽ രണ്ടാമതു പറഞ്ഞത് പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്യുന്ന അവസരത്തിൽ, സ്പീക്കർ റൂളിംഗ് നൽകുന്നതിനുമുൻപ്, സ്പീക്കറുടെ ഡിസ്ക്രിഷൻ അനുസരിച്ച് തീരുമാനം എടുക്കുന്നതിനുമുൻപ് എനിക്കു പറയാനുള്ളതു പറയാൻ ഒരു അവസരം തന്നു. അവസരം തരികയെന്നുപറഞ്ഞാൽ അതു ഒരു ന്യായം മാത്രമാണ്. അതു ജനാധിപത്യ നടപടിക്രമങ്ങളിലെ വെറുമൊരു ന്യായം മാത്രമാണ്.

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. ബേബിജോൺ പറയുന്ന നിലവൻറായ റൂംസ് അങ്ങ് കേൾക്കേണ്ടതാണ്. അതിൽ യാതൊരു തർക്കവുമില്ല. പക്ഷേ ഒരു ഒബ്ജക്ഷൻ ഉള്ളത്, അദ്ദേഹം അതിനെ ആസ്പദമാക്കി മറ്റു പരാമർശങ്ങളിലേക്കു കടക്കുന്നു.

ശ്രീ. ബേബിജോൺ : സർ, എന്റെ പരാമർശം കോടതിയിൽ നിലവിലിരിക്കുന്ന കേസ്സിനെ സംബന്ധിച്ചല്ല.

LIBRARY ARCHIVES Kerala Legislative Assembly

Chief Minister **Shri. K. Karunakaran** : The incident took place in Alwaye is the matter under adjudication. So the member cannot raise this under the Constitution.

.....(ബഹളം).....

ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അതൊന്നു മുഴുവനാക്കണം.

ശ്രീ. ബേബി ജോൺ : ഞാൻ കോടതിയിൽ നിലവിലിരിക്കുന്ന കേസിന്റെ വിശദാംശങ്ങളിലേയ്ക്കു കടക്കുകയില്ല. ഈ സഭയിൽ ഞങ്ങൾ എല്ലാം കൂടി ചേർന്ന് ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസു നൽകി. ആലുവായിലെ അന്ധ വിദ്യാർത്ഥികളെ പോലീസ് തല്ലിയതായിട്ട്.....(ബഹളം).....

ഡെപ്യൂട്ടി സ്പീക്കർ : ഞാൻ കേൾക്കട്ടെ. നിങ്ങൾ പറയുന്നതും കേൾക്കാം.

ശ്രീ. ബേബി ജോൺ : ആലുവായിലെ അന്ധ വിദ്യാർത്ഥി വിദ്യാർത്ഥിനികളെ പോലീസ് ലാത്തിചാർജ്ജ് നടത്തി. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ചു.....

ഡെപ്യൂട്ടി സ്പീക്കർ : അങ്ങു റൂളിംഗിനെക്കുറിച്ച് പറഞ്ഞാൽ മതി. കാര്യത്തിലേക്കു കടക്കരുത്. .....(ബഹളം).....

ശ്രീ. ബേബി ജോൺ : ഞാൻ പറയാൻ ഉദ്ദേശിക്കുന്നതു പറഞ്ഞാൽ അല്ലേ റൂളിംഗിന് സൗകര്യമാകൂ. എന്നാൽമാത്രമേ അങ്ങയുടെ ഡിസ്ക്രിഷൻ അനുസരിച്ച് അങ്ങേക്ക് തീരുമാനമെടുക്കാൻ സഹായകമാകൂ. എന്റെ വാദമുഖങ്ങൾ ഉന്നയിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ് : പറയാനുള്ള കാര്യം പറഞ്ഞിട്ടു വേണ്ട.....

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടിപ്രഭാകരൻ) : സർ, ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകുന്നത് മെമ്പറൻമാരുടെ നിർദ്ദേശമനുസരിച്ചല്ല.

ശ്രീ. ബേബി ജോൺ : സർ, ഇവർ എന്താണ് ഇത്ര അസഹിഷ്ണുത കാണിക്കുന്നത്. അങ്ങ് എന്നെ അനുവദിച്ചു. ബഹുമാന്യനായ സഭാനേതാവ് മുഖ്യമന്ത്രി ഒരു പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്തതു സംബന്ധിച്ച് എന്റെ അഭിപ്രായങ്ങൾ പറയാൻ അങ്ങ് എന്നെ അനുവദിച്ചു. അതിനു നിങ്ങൾ, ഈ മന്ത്രിമാരും, മറ്റു ആളുകളും ബഹളമുണ്ടാക്കുന്നത് എന്തിനാണ് ? ഇവർക്ക് ആലുവാ എന്നു കേട്ടാൽ ഇത്ര ഭയമെന്താണ്. ഞാൻ പറഞ്ഞു.....ഈ കുഞ്ഞുങ്ങളെ.....ലാത്തിചാർജ്ജ് ചെയ്തു .....അന്ന് മുഖ്യമന്ത്രി പറഞ്ഞു, ഒരു പരിക്കുമില്ല, ഒരു ലാത്തി ചാർജ്ജും നടന്നില്ല. എന്നിട്ട് ദേശാഭിമാനി എടുത്തുകാണിച്ചു കൊണ്ടു പറഞ്ഞു വല്ല മുറിവും പാടുമുണ്ടോ എന്നു നോക്കൂ എന്നു പറഞ്ഞു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അങ്ങ് അതിനുള്ള അനുമതി നിഷേധിച്ചു. പക്ഷേ ഇപ്പോൾ കാര്യം.....

ശ്രീ. എ. സി. ജോസ് : സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭാനേതാവ് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. ശ്രീ. ബേബി ജോൺ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതിനെക്കുറിച്ച് എനിക്കും പറയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതാണ്. അത് റൂൾ 120 അനുസരിച്ചല്ല. റൂൾ 120 ഇവിടെ പ്രസക്തമല്ല. റൂൾ 120 പറയുന്നത് No resolution which seeks to raise discussion on a matter .....ഇവിടെ ഒരു പ്രമേയം അല്ല. 120 അനുസരിച്ച് റസല്യൂഷനാണ്. അതിലാണ് സ്പീക്കർക്ക് ഡിസ്ക്രിഷനുള്ളത്.

ഡെപ്യൂട്ടി സ്പീക്കർ : ചെയർ, ചെയറിന്റെ റൂളിംഗ് നൽകുകയാണ് .....(ബഹളം).....

ശ്രീ. ബേബി ജോൺ : ഞാൻ കേസ്സിന്റെ മെറിറ്റിലേക്കു കടക്കുന്നില്ല. അതിഗൗരവമായ ഒരു പരാമർശം നമ്മുടെ അനിഷേധ്യ നീതിന്യായകോടതിയിൽ പൊതു താൽപ്പര്യത്തിന്റെ പേരിൽ.....

ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ഇതിന്റെ മെറിറ്റിലേക്ക് പോകരുത്. റൂളിംഗിനെ സംബന്ധിച്ചു മാത്രമേ പറയാവൂ.

ശ്രീ. ബേബി ജോൺ : സർ, ഞാൻ കാര്യത്തിലേക്ക് പോകുന്നില്ല. കേസ്സിനെക്കുറിച്ച് ഒക്ഷരം പറയുകയില്ല.....ബഹളം..... പൊതു താൽപ്പര്യത്തിന്റെ പേരിൽ സർക്കാരിന്റെ അധികാരം മറയാക്കി.....

ഡെപ്യൂട്ടി സ്പീക്കർ : ഇതു കോടതിയെ സംബന്ധിച്ച പരാമർശനമാണ്. അതുകൊണ്ട് ചെയർ, ചെയറിന്റെ റൂളിംഗ് പറയുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ബേബി ജോൺ ഉന്നയിച്ചത് " raise discussion on a matter pending before any statutory tribunal or statutory authority performing any judicial or quasi-judicial functions or any commission എന്നുള്ളതാണ്. ഇവിടെ പ്രസക്തമായിട്ടുള്ള റൂളിംഗ് മറ്റേ റൂളിംഗാണ്. റൂൾ 52-ൽ (vii) the motion shall not deal with a matter which is under adjudication by a court of Law having jurisdication in any part of India; ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ അങ്ങയുടെ സബ്മിഷന് അനുമതി നിഷേധിക്കുകയാണ്. ഞാൻ റൂളിംഗ് നൽകി കഴിഞ്ഞു. ഞാൻ രണ്ടു ഭാഗവും കേട്ടിട്ട് റൂളിംഗ് നൽകി. ഈ മാറ്ററിനെക്കുറിച്ച് ചെയറിനുള്ള റൂളിംഗ് നൽകി. അങ്ങ് ഉദ്ദേശിച്ചത് ഇവിടെ അഡ്ജൂഡിക്കേഷന്റെയോ അല്ലെങ്കിൽ കമ്മിഷന്റെയോ മുന്നിലുള്ള റൂളിംഗാണ്. നേരെമറിച്ച് ഇവിടെ മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ച മാറ്ററാണ് ഇപ്പോഴും ഇവിടെ പ്രസക്തമായിട്ടുള്ളത്. ആ അടിസ്ഥാനത്തിൽ അങ്ങയുടെ സബ്മിഷൻ ഞാൻ അനുവദിക്കുന്നില്ല. അതുകൊണ്ട് അടുത്ത വിഷയത്തിലേക്കു പോകുകയാണ്.

(IV.) ചട്ടങ്ങളുടെ ഭേദഗതികളുടെ അവതരണം

ശ്രീ. ആർ.എസ്. ഉണ്ണി : 1985 ഡിസംബർ 28-ാം തീയതിയിലെ ജി.ഒ. (എം. എസ്.) നമ്പർ 64/85/എൽ. ബി. ആർ. (എസ്. ആർ. ഒ. നമ്പർ 1771/85) മുഖേന പുറപ്പെടുവിച്ച 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഉദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും നിയമനം) സംബന്ധിച്ച ചട്ടങ്ങൾക്ക് 1, 3, 5, 6, 8, 10, 12, 14, 16 എന്നീ ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly